# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

യു. ഐ. ഡി. എസ്. എം. റ്റി. പദ്ധതി

3338 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ യു. ഐ. ഡി. എസ്. എം.റ്റി യിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; അതിൽ ചെലവഴിച്ച തുക എത്ര;

(സി) എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

യു. ഐ. ഡി. എസ്. എം. റ്റി. രണ്ടാം ഘട്ടപദ്ധതി

3339 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ഐ. ഡി. എസ്. എം. റ്റി. രണ്ടാം ഘട്ടപദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) യു. ഐ. ഡി. എസ്. എം. റ്റി. പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഗഡു അനുവദിക്കുന്നതിന് എത്ര പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളാണ് കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇതിനായി അനുവദിച്ച തുകയുടെ വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>എം.എസ്.ഡി.പി പദ്ധതി</u>

3340 ശ്രീ. കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന എം.എസ്.ഡി.പി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് എത്ര ബ്ലോക്കുകൾ തെരഞ്ഞെടുത്തു;

(സി) പ്രസ്തുത ബ്ലോക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; എം.എസ്.ഡി.പി പദ്ധതിക്ക് ബ്ലോക്കുകൾ തെരഞ്ഞടുക്കുന്നതിന് സ്വീകരിച്ചിട്ടുളള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് കോഴിക്കോട് ജില്ലയിലെ തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(ഇ) പ്രസ്തുത ബ്ലോക്കുകളിൽ ഓരോന്നിലും മൊത്തം ജനസംഖ്യയെത്ര; ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഓരോ ബ്ലോക്കിലും ന്യൂനപക്ഷ ജനസംഖ്യയെത്ര; ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കെ.എസ്.യു.ഡി.പി. സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ</u>

3341 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി. ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ വിവിധ നഗരസഭകളിൽ നടപ്പിലാക്കി വരുന്ന സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികളിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി എത്ര തുക ചിലവഴിച്ചു;

(സി) പ്രസ്തുത പദ്ധതികളുടെ പ്രയോജനങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതി</u>

3342 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി. ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ വിവിധ നഗരസഭകളിൽ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളിൽ എത്ര എണ്ണമാണ് പൂർത്തിയായത് ; വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു ;

(സി) പ്രസ്തുത പദ്ധതികൾക്കുള്ള നേട്ടങ്ങൾ വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഭേദഗതി</u>

3343 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, സാജു പോൾ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നിയോഗിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി ഏതെല്ലാം നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും വിദഗ്ദ്ധാഭിപ്രായം ഇക്കാര്യത്തിൽ തേടിയിട്ടുണ്ടായിരുന്നുവോ;

(സി) ഭേദഗതികൾ മൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരിക്കുമെന്നു പഠനം നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) ഫ്ളാറ്റ് നിർമ്മാണക്കമ്പനികൾ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളിൽ മന്ത്രിസഭാ ഉപസമിതി പരിഗണിച്ചവ ഏതൊക്കെയാണെന്നു വിശദമാക്കുമോ;

(ഇ) ചീഫ് ടൗൺ പ്ലാനറുടെ എന്തെല്ലാം നിർദ്ദേശങ്ങൾ അവഗണിക്കുകയുണ്ടായി; കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>നഗരപ്രദേശങ്ങളിലെ കെട്ടിട നിർമ്മാണം</u>

3344 ശ്രീ. വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാതാക്കളുടേയും കെട്ടിട നിർമ്മാണ കമ്പനികളുടേയും പ്രവർത്തനങ്ങൾ വിലയിരുത്താൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട്; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കോൺട്രാക്ടർമാർക്ക് ടെൻഡർ തുകയിൽ അധികം നൽകിയത്</u>

3345 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിലെ പ്രവൃത്തികൾ ചെയ്ത കോൺട്രാക്ടർമാർക്ക് രണ്ട് കോടിയോളം രൂപ അധികം നൽകിയതായ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സിംഗിൾ ടെൻഡറിന് ടെൻഡർ എക്സസ് നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഏതു വ്യവസ്ഥ പ്രകാരമെന്ന് വ്യക്തമാക്കുമോ;

(ഡി) ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ ശരിയാണെങ്കിൽ കരാറുകാർക്ക് അധികതുക നൽകാൻ കൂട്ടുനിന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; അധികം നൽകിയ പണം ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

<u>നഗര ഭരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ</u>

3346 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.ജെ.എസ്.ആർ.വൈ പദ്ധതി പ്രകാരം നടപ്പു വർഷം എന്തു തുക ഫണ്ടായി ലഭിച്ചിട്ടുണ്ട്; എന്തു തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ തൊഴിൽ സംരഭം തുടങ്ങിയിട്ടുണ്ട്; എത്ര പേർക്ക് വേതന അടിസ്ഥാനത്തിൽ തൊഴിൽ നൽകിയിട്ടുണ്ട്; നഗരസഭ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സംയോജിത പാർപ്പിട, ചേരി വികസന പദ്ധതി പ്രകാരം നടപ്പു വർഷം ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ട് എത്രയാണ്; എത്ര ഭവനം നിർമ്മിച്ചിട്ടുണ്ട്; എത്ര പേർക്ക് ഭവന നിർമ്മാണമല്ലാതെ ഇതു വഴി മറ്റ് പ്രയോജനം ലഭിച്ചിട്ടുണ്ട്; എന്തൊക്കെ പ്രയോജനങ്ങൾ ആണ് ലഭിച്ചിട്ടുള്ളത്; നഗരസഭ തിരിച്ച് കണക്കു വ്യക്തമാക്കുമോ;

(സി) രാജീവ് ആവാസ് യോജനയുടെ ഭാഗമായി ചേരി നിവാസികൾക്ക് അവർ താമസിക്കുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമവസ്ഥാവകാശം നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; നിയമ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) പുതിയതായി സർക്കാരും സ്വകാര്യ സ്ഥാപനങ്ങളും താമസ സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുക്കുന്ന സ്ഥലത്തിന്റെ 20.25 ശതമാനം സ്ഥലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന/താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണത്തിനുവേണ്ടി മാറ്റി വയ്ക്കണമെന്ന് ഖചചഡങ്ങ രാജീവ് ആവാസ് യോജന പദ്ധതി നിർദ്ദേശിച്ച പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുവരെ ഇപ്രകാരം എത്ര സ്ഥലം ലഭിച്ചിട്ടുണ്ട്; എങ്കിൽ എവിടെയൊക്കെയാണ്; വിശദമാക്കുമോ;

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

(ഇ) കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി നടപ്പുവര്‍ഷം 5 മുന്‍സിപ്പല്‍ കോര്‍പ്പറേഷനുകളുടെ ദാരിദ്ര്യ നിര്‍മ്മാര്‍ജ്ജനത്തിനു വേണ്ടി എന്തൊക്കെ പരിപാടികള്‍ നടപ്പിലാക്കിയിട്ടുണ്ട്; എത്ര പേര്‍ക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്;

(എഫ്) രാജീവ് ആവാസ് യോജന നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന ഓരോ മുന്‍സിപാലിറ്റി/കോര്‍പ്പറേഷന്‍ പ്രദേശങ്ങളില്‍ എത്ര ചേരി വീതമുണ്ട്; ഓരോ ചേരിയിലും എത്ര കുടുംബങ്ങളും എത്ര ജനങ്ങളും താമസിക്കുന്നുണ്ട്; വിശദമാക്കുമോ;

(ജി) ജവഹര്‍ലാല്‍ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി കോര്‍പ്പറേഷനുകളില്‍ പാവപ്പെട്ടവര്‍ക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങള്‍/സേവനങ്ങള്‍ ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

## നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള ശമ്പളം

3347 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ജോലി ചെയ്യുന്ന ജീവനക്കാരിൽ നല്ലൊരുഭാഗത്തിനും സ്വന്തം ഫണ്ടിൽനിന്ന് ശമ്പളം നൽകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്മൂലം പല നഗരസഭകളിലും ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൃത്യസമയത്ത് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) നഗരസഭകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയമിക്കപ്പെട്ട ശ്രീ. കുട്ടി അഹമ്മദ് കുട്ടി അദ്ധ്യക്ഷനായുള്ള സമിതി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ സമിതി എപ്പോൾ റിപ്പോർട്ട് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) റിപ്പോർട്ട് ലഭ്യമെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ജി) പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(എച്ച്) സിവിൽ സർവ്വീസിലെ മറ്റുവകുപ്പുകളിൽ നിലനിൽക്കുന്നതുപോലെ മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർക്ക് ട്രഷറിയിൽനിന്ന് ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പുതിയ കോർപ്പറേഷനുകൾ</u>

3348 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വര്‍ദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം</u>

3349 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വര്‍ദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം കണക്കിലെടുത്ത് നിര്‍ദ്ദേശിക്കപ്പെട്ട ഖരമാലിന്യ സംസ്കരണപദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഖരമാലിന്യസംസ്കരണപദ്ധതിക്കായി നഗരസഭ സ്ഥലം വാങ്ങിയിരുന്നോ;

(സി) എങ്കില്‍ പ്രസ്തുത സ്ഥലം ഇപ്പോള്‍ എന്ത് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ

3350 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ 11.01.1988 –ൽ 18/1988 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്തതും 08.11.2012 –ൽ ജനന സർട്ടിഫിക്കറ്റ് നല്കിയതുമായ ജനന രജിസ്ട്രേഷന് ആധാരമായി ആശുപത്രിയിൽ നിന്നു ലഭിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ .

(ബി) ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഇതിലെ അപേക്ഷകൻ സമർപ്പിച്ച ഒറിജിനൽ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>നഗരസഭകളിലെ പബ്ലിക് മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

3351 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ പബ്ലിക് മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി ഇപ്പോൾ ഏതൊക്കെ ഏജൻസികളാണ് ധനസഹായം നൽകിവരുന്നത്;

(ബി) ഇത്തരം ധനസഹായം ലഭ്യമാക്കുവാൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) മാർക്കറ്റ് നവീകരണത്തിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പ്രത്യേക സഹായം നൽകുന്നുണ്ടോ; എങ്കിൽ ആയത് എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>പഴയനിലംനികത്തല്‍ പുരയിടങ്ങളില്‍ വീടുവയ്ക്കുന്നതിനുള്ള പെര്‍മിറ്റ്</u>

3352 **ശ്രീ. മോന്‍സ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരസഭയില്‍ ഇപ്പോഴും ഗ്രീന്‍സ്ട്രിപ്പില്‍ കിടക്കുന്ന പഴയ നിലം നികത്തല്‍ പുരയിടങ്ങളില്‍ വീടു വയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) 4545/ആര്‍.എ1/2011/എല്‍.എസ്.ജി നമ്പരിലുള്ള 22-01-2011 തീയതിയിലെ സര്‍ക്കുലറിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; പ്രസ്തുത സര്‍ക്കുലറിനുശേഷം ഇതേ വിഷയത്തില്‍ മറ്റ് ഉത്തരവുകള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) ആര്‍.എ1/4545/2011 സര്‍ക്കുലര്‍ പുറപ്പെടുവിച്ചശേഷവും 10 വര്‍ഷത്തിന് മുമ്പ് നികത്തിയ പുരയിടം എന്നത് എങ്ങനെ കണ്ടുപിടിക്കും എന്നുള്ളതു സംബന്ധിച്ച് നഗരസഭാ അധികൃതര്‍ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാന്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ഡി) പത്ത് വര്‍ഷം മുന്‍പ് കണ്‍വര്‍ട്ട് ചെയ്ത വസ്തു എന്നത്, ആരുടെ അന്വേഷണത്തിലാണ് വ്യക്തമാക്കേണ്ടത്; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ നഗരസഭയുടെ വരുമാനം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

3353 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ നഗരസഭയുടെ ഉടമസ്ഥതയില്‍ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായും പൊതുസ്ഥലത്തും എത്ര കടമുറികളാണ് ഉള്ളതെന്നും, അതില്‍ ലേലത്തിലും മറ്റുവിധ പാട്ടത്തിനായും എത്രയെണ്ണം നല്‍കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(ബി) കരാറനുസരിച്ച് ലൈസന്‍സ് പുതുക്കി പണം ഒടുക്കാതെ പ്രവര്‍ത്തിക്കുന്ന എത്ര കടകളും സ്ഥാപനങ്ങളും ഉണ്ടെന്ന് അറിയിക്കാമോ;

(സി) കനാല്‍ കരകളിലും, സ്റ്റേഡിയത്തിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലുമായി എത്ര കടമുറികള്‍ ഒഴിഞ്ഞു കിടക്കുന്നുണ്ട്; അവ ഏതെല്ലാമാണ്; കാരണം അറിയിക്കുമോ; ഇവയെല്ലാം യഥാസമയം കരാര്‍ നടത്തി നഗരസഭയുടെ തനതു വരുമാനം വര്‍ദ്ധിപ്പിക്കാന്‍ നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

നീലേശ്വരം ബസ് സ്റ്റാന്റ് നിർമ്മാണം

3354 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം നഗരസഭയ്ക്ക് ഓഫീസ് കം ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് കൃഷിവകുപ്പിന്റെ അധീനതയിലുള്ള സ്ഥലം പതിച്ചുനൽകി സർക്കാർ ഉത്തരവ് ലഭിച്ച് മാസങ്ങളായിട്ടും സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൈവശപ്പെടുത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് നഗരസഭയിൽ പുതിയ ബസ് സ്റ്റാൻഡ്</u>

3355 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിൽ പുതിയ ബസ് സ്റ്റാൻഡിന്റെ വികസനത്തിനുവേണ്ടി 2.55 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ നഗരസഭ തീരുമാനിച്ചിരുന്നുവോ;

(ബി) പ്രസ്തുതഭൂമിയിൽ സ്ഥലമുടമ കെട്ടിട നിർമ്മാണത്തിനായി നഗരസഭാധികൃതർക്കു നൽകിയ അപേക്ഷ നിരസിച്ചിരുന്നുവോ;

(സി) ഇപ്പോൾ സ്ഥലമുടമയ്ക്ക് അവിടെ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഇ) ഇക്കാര്യത്തിൽ നഗരസഭയുടെ താത്പര്യം ഏതെങ്കിലും ഉദ്യോഗസ്ഥർ ബലികഴിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

ശ്രീ. പി.പി ബഷീറിന്റെ ഓണറേറിയം സംബന്ധിച്ചുളള അപേക്ഷയിൻമേൽ നടപടി

3356 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 01.02.96 ൽ ജി.ഒ.(ആർ റ്റി) നം 575/96 തസ്വഭവ പ്രകാരം തിരൂർ നഗരസഭ പൊതുജന ആരോഗ്യ വിഭാഗം -ചെമ്പ്ര ഉണ്ണിമൂപ്പൻ സ്മാരക വായനശാല യിലെ കെയർ ടേക്കറും വികലാംഗനുമായ ശ്രീ. പി.പി ബഷീറിന്റെ ഓണറേറിയം വർദ്ധന സംബന്ധിച്ചുള്ള അപേക്ഷയിൻമേൽ മാനുഷിക പരിഗണന നൽകി ഓണ റേറിയം വർദ്ധനവ് അനുവദിച്ച് നൽകണമെന്ന് തിരൂർ നഗരസഭ കൗൺസിലിന്റെ പ്രമേയം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത വ്യക്തിയെ താല്കാലിക തസ്തികയിൽ തുടരാൻ പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ചിട്ടു ണ്ടോ;

(ബി) നഗരസഭാ കൗൺസിൽ ബഷീറിന്റെ അപേക്ഷ പ്രകാരം ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) പ്രസ്തുത വ്യക്തിയുടെ ഓണറേറിയം സംബന്ധിച്ചുളള അപേക്ഷയിൻമേൽ നഗരകാര്യ ഡയറക്ടറും സർക്കാരും ഇതു വരെ സ്വീകരിച്ച നടപടികൾ വ്യക്ത മാക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അടിയന്തിര മായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

മാലിന്യ പ്രശ്നം കൈകാര്യം ചെയ്യുന്നതിനായി
പ്രത്യേകം കമ്പനി

3357 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനകാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കാതിരുന്നതുമൂലം ഏതൊക്കെ നഗരസഭകളിലാണ് സർക്കാരിന് നേരിട്ടിടപെടേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മാലിന്യ നിർമ്മാർജ്ജന ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം പദ്ധതിയിൽപെടുത്തി എത്ര തുക വീതം നഗരസഭകൾക്ക് നടപ്പുവർഷവും മുൻവർഷവും നൽകിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത തുക കാര്യക്ഷമമായി വിനിയോഗിക്കാതിരുന്ന നഗരസഭകളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

## മാലിന്യ നിർമ്മാർജ്ജനം

3358

ശ്രീ. ഇ. പി. ജയരാജൻ
,, എം. ഹംസ
,, എ. പ്രദീപ് കുമാർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യകൂമ്പാരങ്ങളിൽ നിന്നും ദുർഗന്ധം വമിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതിയിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിനായി അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതിയതായി ഏതെങ്കിലും പദ്ധതിയ്ക്കു രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണത്തിന് നാനോ ടെക്നോളജി</u>
<u>സാങ്കേതിക വിദ്യ</u>

3359 ശ്രീ. ജോസ് തെറ്റയിൽ
'' മാത്യു റ്റി. തോമസ്
'' സി.കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം മാലിന്യ സംസ്ക്കരണത്തിനു വേണ്ടി നാനോ ടെക്നോളജി അടക്കമുള്ള സാങ്കേതിക വിദ്യ അവലംബിക്കുമെന്നുള്ള മുൻ പ്രഖ്യാപനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) 2011 ഗാന്ധിജയന്തി ദിവസം മുതൽ 2012 ഗാന്ധിജയന്തി ദിവസം വരെയുള്ള ഒരു വർഷം ശുചിത്വകേരളം പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിൽ ഏതെല്ലാമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മാലിന്യ സംസ്ക്കരണ യന്ത്രങ്ങളുടെ പ്രവർത്തനം</u>

3360 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ സഞ്ചരിക്കുന്ന മാലിന്യ സംസ്ക്കരണ യന്ത്രങ്ങളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ഇത് ഉപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

മാലിന്യത്തിൽ നിന്ന് വൈദ്യുതി

3361 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013–ലെ മറുപടിക്ക്

ബ്രഹ്മപുരത്ത് ആധുനിക മാലിന്യനിർമ്മാർജ്ജന പ്ലാന്റ്

3362 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരത്ത് ആധുനിക മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, കൊച്ചി നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും പ്രസ്തുത പ്ലാന്റ് മുഖേന സംസ്കരിക്കുവാൻ കഴിയുമോ;

(സി) പ്രസ്തുത പ്ലാന്റിന്റെ സാങ്കേതികവിദ്യ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി;

(ഇ) പ്ലാന്റ് എപ്പോൾ പ്രവർത്തനക്ഷമമാക്കും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ബ്രഹ്മപുരം മാലിന്യ പ്ലാന്റ്</u>

3363 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റ് ആധുനികവത്കരിക്കുന്നതിനും പുതിയ പ്ലാന്റ് പണിയുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സമ്പൂര്‍ണ്ണ ശുചിത്വമിഷന്റെ പ്രവര്‍ത്തനങ്ങള്‍</u>

3364 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സമ്പൂര്‍ണ്ണ ശുചിത്വ മിഷന്റെ പ്രവര്‍ത്തനങ്ങള്‍ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(ബി) സമ്പൂര്‍ണ്ണ ശുചിത്വമിഷന്റെ പ്രവര്‍ത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികള്‍ ഏതൊക്കെയെന്നും ഇവ ഏതൊക്കെ ഏജന്‍സികളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) സമ്പൂര്‍ണ്ണ ശുചിത്വമിഷന്റെ പ്രവര്‍ത്തന പുരോഗതിയെ സംബന്ധിച്ച് ഏതൊക്കെ തലങ്ങളിലാണ് അവലോകനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013–ലെ മറുപടിക്ക്

<u>കായംകുളത്തെ മാലിന്യ പ്രശ്നം</u>

3365 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യം നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായംകുളത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ അവലംബിക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>കരിപ്പുഴ കനാൽ മാലിന്യമുക്തമാക്കാൻ നടപടി</u>

3366 ശ്രീ. സി. കെ. സദാശിവൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടി ഒഴുകുന്ന കരിപ്പുഴ കനാൽ മലിനമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരത്തിൽ ദുർഗന്ധം വമിക്കുന്നതിനും പകർച്ചവ്യാധി ഭീഷണി ഉയർത്തുന്നതിനും കാരണമായ പ്രസ്തുത കനാലിനെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

വേസ്റ്റ് ഫ്രീ സ്റ്റേറ്റ്

3367 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വേസ്റ്റ് ഫ്രീ സ്റ്റേറ്റ്' എന്നത് യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) 'വേസ്റ്റ് ഫ്രീ സ്റ്റേറ്റ്' എന്ന ലക്ഷ്യം സാക്ഷാൽകരിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നഗരങ്ങളും നാട്ടിൻപുറങ്ങളും ഒരുപോലെ ചവറുകൂനയായി മാറുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പരിസ്ഥിതിയും അന്തരീക്ഷവും മലിനപ്പെടാതെ ചവറുകൾ സംസ്ക്കരിക്കുന്നതിൽ പരാജയപ്പെട്ടു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

കെട്ടിട നികുതിക്കുള്ള റിട്ടേൺസ് സമർപ്പിക്കുന്നതിനുള്ള സമയപരിധി

3368 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിട നികുതിക്കുള്ള റിട്ടേൺസ് സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതു കാലാവധി വരെ റിട്ടേൺ സമർപ്പിക്കുന്നതിനാണ് സമയപരിധി നീട്ടിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>പൈപ്പ് കമ്പോസ്റ്റ് പദ്ധതി</u>

3369 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൈപ്പ് കമ്പോസ്റ്റ് പദ്ധതിയുടെ പോരായ്മകൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>റോഡിനോട് ചേർന്ന് കാർഷെഡ് നിർമ്മിച്ചതിനെതിരെ നടപടി</u>

3370 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം.എസ് നഗറിൽ ഹൗസ് നമ്പർ 41 ബി-ൽ താമസിക്കുന്ന ശ്രീ.റോളണ്ട് തോമസ് അദ്ദേഹത്തിന്റെ വീടിന്റെ മുൻപിൽ തുറസ്സായ സ്ഥലത്ത് റോഡ് അതിരുവരെ ചേർത്ത് ഷീറ്റ് റൂഫോടുകൂടി കാർഷെഡ് നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷെഡ് തറനിരപ്പിൽ നിന്ന് അൽപം ഉയർന്നതിനാൽ റോഡിലേയ്ക്ക് ഇറക്കി ചരിച്ച് കോൺക്രീറ്റ് ഇട്ട് ഉയർത്തിയിട്ടുളളതിനാൽ വീടുകളിലേയ്ക്കുളള വാഹന ഗതാഗതം ദുഷ്കരമാകുന്നുവെന്ന് കാണിച്ച് മുട്ടട എൽ.എം.എസ് നഗറിൽ ഹൗസ് നമ്പർ 39 എ-ൽ ശ്രീ.കെ.ജി ജയധരനും ഹൗസ് നമ്പർ 40 ൽ ശ്രീ. ജോളി ഡേവിഡും ചേർന്ന് നൽകിയ പരാതിയിൻമേൽ 12.09.2011 ലെ 41400/ആർ.എ2/11 തസ്വഭവ വകുപ്പ് ഇറക്കിയ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഒരു മാസത്തിനകം നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യണമെന്നതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗര വികസനത്തിനായി സ്വീകരിച്ച നടപടികൾ</u>

3371 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗര വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) 2011-12 ബഡ്ജറ്റിൽ പ്രസ്തുത ലക്ഷ്യം മുൻനിർത്തി വിവിധ പരിപാടികളുടെ നടത്തിപ്പിനായി നീക്കിവച്ച 30 കോടി രൂപയിൽ എന്ത് തുക ഇത് വരെ ചെലവഴിച്ചുവെന്നറിയിക്കുമോ;

(സി) ഏതെല്ലാം പരിപാടികളുടെ നടത്തിപ്പിനായാണ് പ്രസ്തുത തുക ചെലവഴിക്കപ്പെട്ടത് എന്നറിയിക്കാമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>പിരിച്ചുവിടപ്പെട്ട വികസന അതോറിറ്റികൾ റിസർവ്വ് ചെയ്ത സ്വകാര്യഭൂമി</u>

3372 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിരിച്ചുവിടപ്പെട്ട വികസന അതോറിറ്റികൾ ഭാവിയിലെ വികസന പദ്ധതികൾക്കായി റിസർവ്വ് ചെയ്ത, എന്നാൽ മറ്റ് നടപടികൾ സ്വീകരിക്കാതിരുന്ന, വിവിധ വ്യക്തികളുടെ വസ്തുക്കൾ ഇപ്പോൾ വീട് വയ്ക്കാനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ വികസന അതോറിറ്റി ഉൾപ്പെടെ പിരിച്ചുവിടപ്പെട്ട അതോറിറ്റികളുടെ ഭൂമിയെ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ നിയമപരമായി നിലനിൽക്കുന്നതാണോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പിരിച്ചുവിടപ്പെട്ട ആലപ്പുഴ വികസന അതോറിറ്റി, കെ.എസ്.ആർ.ടി.സി, എസ്.ഡബ്ല്യൂ.റ്റി.ഡി എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി റിസർവ്വ് ചെയ്ത സ്വകാര്യ ഭൂമി ഉടമകൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാനുള്ള തടസ്സം നീക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി, എസ്.ഡബ്ല്യൂ.റ്റി.ഡി തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെ വികസനത്തിന് ഭൂമി അക്വയർ ചെയ്യുന്നതിന് പകരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിലയ്ക്കു വാങ്ങി നൽകണമെന്ന വ്യവസ്ഥ ഇപ്പോൾ നിലനിൽക്കുമ്പോൾ, കാലഹരണപ്പെട്ട (18 വർഷം മുമ്പുള്ള) പഴയ തീരുമാനം പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ആലപ്പുഴയിലെ എസ്.ഡബ്ല്യൂ.റ്റി.ഡിയ്ക്ക് വേണ്ടി ആധുനിക രൂപത്തിലുള്ള യാർഡും മറ്റ് സൗകര്യങ്ങളും നടപ്പിലാക്കുന്നതിന് എസ്.ഡബ്ല്യൂ.റ്റി.ഡി തന്നെ നിർമ്മാണങ്ങൾ പൂർത്തിയാക്കിയിരിക്കുന്ന സാഹചര്യത്തിൽ റിസർവ്വ് ചെയ്ത ഭൂമിയിലെ വ്യക്തികൾക്ക് പ്രസ്തുത

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

ഭൂമി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എഫ്) പഴയ വികസന അതോറിറ്റികളുടെ നിർദ്ദേശം പരിഹരിച്ച് ബന്ധപ്പെട്ട വ്യക്തികൾക്ക് ഭൂമി സ്വതന്ത്രമായി ഉപയോഗിക്കുന്നതിന് അതാത് ടൗൺ പ്ലാനിംഗ് ഓഫീസുകൾക്ക് ആവശ്യമായ അടിയന്തിര നിർദ്ദേശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>കെ.യു.ആർ.ഡി.എഫ്.സിയുടെ ആസ്ഥാനം</u>

3373 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ഡി.എഫ്.സി; യുടെ ഇപ്പോഴത്തെ ആസ്ഥാനം എവിടെയാണ്;

(ബി) കോഴിക്കോട് ആസ്ഥാന മന്ദിരം ഇപ്പോൾ എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്;

(സി) ഇപ്പോഴത്തെ ആസ്ഥാന മന്ദിരം സ്വന്തം കെട്ടിടത്തിലാണോ;

(ഡി) അല്ലെങ്കിൽ പ്രസ്തുത കെട്ടിടത്തിന് നൽകുന്ന വാടക എത്രയാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.02.2013-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങള്‍</u>

3374 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-2012, 2012-2013 സാമ്പത്തിക വര്‍ഷങ്ങളില്‍ ന്യൂനപക്ഷക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്കായി സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും കേന്ദ്ര പദ്ധതികളുടെ വിഹിതമായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ സാമ്പത്തിക വര്‍ഷത്തിലും ലക്ഷ്യമിട്ട പദ്ധതികള്‍ എന്തെല്ലാമായിരുന്നു ;

(സി) ഏതെല്ലാം ഏജന്‍സികള്‍ മുഖേനയാണ് ന്യൂനപക്ഷ ക്ഷേമ പദ്ധതികള്‍ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സ്ത്രീ ശാക്തീകരണത്തിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി</u>

3375 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീ ശാക്തീകരണത്തിനായി ന്യൂനപക്ഷക്ഷേമവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് 2012-13 വർഷത്തേയ്ക്ക് എന്തു തുക നീക്കി വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഗുണഭോക്താവിന് എന്ത് സാമ്പത്തികസഹായമാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമത്തിനായി പദ്ധതികളും ചെലവുവിവരവും</u>

3376 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയിൽ 2013 ഫെബ്രുവരി 1-ന് മുൻപ് എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ; പദ്ധതികൾ തിരിച്ചുള്ള വിവരം നൽകുമോ ;

(ബി) പുതിയതായി പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കുവാൻ കഴിയാത്തതായി ഏതെങ്കിലുമുണ്ടോ;

(സി) എങ്കിൽ വിശദാംശവും ആയതിന്റെ കാരണവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കമ്മീഷൻ</u>

3377 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇതുപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം</u>

3378 ശ്രീ. സി. മോയിൻകുട്ടി
,, കെ. എൻ. എ ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കുമോ?

## കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>മദ്രസ്സ അദ്ധ്യാപക ക്ഷേമപെൻഷൻ പദ്ധതി</u>

3379 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
'' റ്റി.എ. അഹമ്മദ് കബീർ
'' പി.ബി. അബ്ദുൾ റസാക്
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ്സ അദ്ധ്യാപക ക്ഷേമപെൻഷൻ പദ്ധതിയിൽ കാതലായ മാറ്റങ്ങളെന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കും മുമ്പ് എത്ര പേർ പ്രസ്തുത പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ടായിരുന്നു;

(സി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത്;

(ഡി) കൂടുതൽപേരെ പദ്ധതിയിൽ അംഗങ്ങളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരണം</u>

3380 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൻപ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രൊമോട്ടർമാരെ
നിയമിക്കാൻ പദ്ധതി</u>

3381 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി/എസ്.ടി. മാതൃകയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൻപ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 18.02.2013-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പിന് മുസ്ലീം വിഭാഗക്കാർ അപേക്ഷിക്കാൻ പാടില്ല എന്ന വ്യവസ്ഥ</u>

3382 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പിന് മുസ്ലീം വിഭാഗക്കാർക്ക് അപേക്ഷിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.02.2013-ലെ മറുപടിക്ക്

<u>അന്തർവകുപ്പ് സ്ഥലം മാറ്റം</u>

3383 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വകുപ്പിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആരുടെയെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ നിലവിലുള്ള വ്യവസ്ഥപ്രകാരം സാധുവായ അപേക്ഷ ആരുടേതായിരുന്നു ;

(സി) പ്രസ്തുത അപേക്ഷ നിരസിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള നിയമപ്രകാരം ഒരുതരത്തിലും അനുവദിക്കാനാവാത്ത അപേക്ഷ വ്യവസ്ഥകൾ ഇളവ് ചെയ്ത് അനുവദിക്കുകയുണ്ടായോ ;

(ഇ) എന്ത് കാരണങ്ങളാലാണ് പ്രസ്തുത അപേക്ഷയിൽ ഇളവ് അനുവദിക്കപ്പെട്ടത് ; വ്യക്തമാക്കുമോ ;

(എഫ്) മെഡിക്കൽ ബോർഡിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ; വ്യക്തമാക്കാമോ ;

(ജി) സാധുവായ അപേക്ഷ നിരസിക്കുകയും വ്യവസ്ഥകളിൽ ഇളവ് നൽകി അസാധുവായ അപേക്ഷ അനുവദിക്കുയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?